# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 08.06.2026**

## പ്രധാനവാർത്തകൾ

1. പശ്ചിമേഷ്യൻ സംഘർഷ പശ്ചാത്തലത്തിൽ ഇറാനിലേക്കുള്ള യാത്ര പൂർണമായി ഒഴിവാക്കാൻ ഇന്ത്യൻ പൗരന്മാർക്ക് കേന്ദ്ര സർക്കാരിൻറെ മുന്നറിയിപ്പ്.

2. കൊച്ചി തീരത്ത് മുങ്ങിയ 'എം.എസ്.സി എൽസ-3' വിദേശ ചരക്കുകപ്പലിലെ മൂന്ന് ജീവനക്കാർക്ക് നാട്ടിലേക്ക് മടങ്ങാൻ അനുമതി നൽകി കേരള ഹൈകോടതി.

3. ഷിഗെല്ല രോഗത്തിനെതിരെ സംസ്ഥാനത്ത് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതം. വയനാട്ടിൽ രണ്ട് കുട്ടികൾക്ക് രോഗബാധ സ്ഥിരീകരിച്ചു.

4. കെഎസ്ആർടിസി ബസ്സുകളിൽ സ്ത്രീകൾക്ക് സൗജന്യ യാത്ര ഈ മാസം 15 ന് ആരംഭിക്കുമെന്ന് ഗതാഗതമന്ത്രി സി പി ജോൺ.

5. സംസ്ഥാനത്ത് ഹയർസെക്കണ്ടറി ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. തിരുത്തലുകൾക്ക് മറ്റന്നാൾ വരെ അവസരം.

6. കേരളത്തിൽ ശക്തമായ മഴ തുടരും. കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ നാളെ ചുവപ്പു ജാഗ്രത. കാസർകോട്, കോഴിക്കോട് ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി.

********************

RNUTVPM

## ഒമാൻ ആക്രമണം

പശ്ചിമേഷ്യൻ സംഘർഷ പശ്ചാത്തലത്തിൽ ഇറാനിലേക്കുള്ള യാത്ര പൂർണമായി ഒഴിവാക്കാൻ ഇന്ത്യൻ പൗരന്മാരോട് നിർദേശിച്ച് ഇറാനിലെ ഇന്ത്യൻ എംബസി. ഇറാനിൽ തുടരുന്ന ഇന്ത്യൻ പൗരന്മാർ എത്രയും വേഗം രാജ്യം വിടണമെന്നും എംബസി നിർദേശിച്ചു. അതെസമയം, ഒമാൻ തീരത്ത് 24 ഇന്ത്യൻ നാവികരുമായി സഞ്ചരിച്ച കപ്പലിന് തീപിടിച്ചതായും ജീവനക്കാരെല്ലാം സുരക്ഷിതരാണെന്നും കേന്ദ്ര സർക്കാർ അറിയിച്ചു.

********************

## എം.എസ്.സി എൽസ-3

കൊച്ചി തീരത്ത് മുങ്ങിയ 'എം.എസ്.സി എൽസ-3' വിദേശ ചരക്കുകപ്പലിലെ മൂന്ന് വിദേശ ജീവനക്കാർക്ക് നാട്ടിലേക്ക് മടങ്ങാൻ അനുമതി നൽകി കേരള ഹൈകോടതി. ഇതു സംബന്ധിച്ച ഉത്തരവ് ചൊവ്വാഴ്ച പുറത്തിറങ്ങും. രാജ്യം വിട്ടുപോകുന്നതുമായി ബന്ധപ്പെട്ടുള്ള വ്യവസ്ഥകൾ ഉത്തരവിൽ ഉൾപ്പെടുത്തും. രണ്ടുപേരുടെ കാര്യത്തിൽ തോപ്പുംപടി മജിസ്ട്രേറ്റ് കോടതിയുടെ ഉത്തരവു കൂടി ലഭിച്ചതിൻറെ അടിസ്ഥാനത്തിലായിരിക്കും അനുമതി. ക്യാപ്റ്റൻ, ചീഫ് എൻജിനീയർ എന്നിവരുടെ കാര്യത്തിൽ തീരുമാനം ആയിട്ടില്ല. കേരളത്തിൽ ഒരു വർഷത്തിലേറെയായി കഴിയുന്ന കപ്പലിലെ ഏഴ് ജീവനക്കാരാണ് സ്വന്തം രാജ്യങ്ങളിലേക്ക് മടങ്ങാൻ അനുമതി തേടി ഹൈക്കോടതിയെ സമീപിച്ചത്.

********************

## കെ എസ് ആർ ടി സി

KSRTC ബസുകളിൽ സ്ത്രീകൾക്ക് സൗജന്യ യാത്ര ഈ മാസം 15 മുതൽ ആരംഭിക്കുമെന്ന് മന്ത്രി സി പി ജോൺ.

ഇത് സംബന്ധിച്ച് മുഖ്യമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ബുധനാഴ്ച്ച ചേരുന്ന മന്ത്രിസഭാ യോഗത്തിൽ അന്തിമ തീരുമാനം ഉണ്ടാകുമെന്നും ഗതാഗത മന്ത്രി അറിയിച്ചു.

********************

## പി.സി വിഷ്ണുനാഥ് മന്ത്രി

സംസ്ഥാനത്തെ ഏറ്റവും മികച്ച ടൂറിസം ഹബ്ബാക്കി മാറ്റുമെന്ന് മന്ത്രി പി സി വിഷ്ണുനാഥ്. അഷ്ടമുടികായൽ വൃത്തിയുള്ളതാക്കുമെന്നും കായലും പരിസരങ്ങളും സന്ദർശിക്കവെ അദ്ദേഹം അറിയിച്ചു. ശുചീകരണം

RIUTVPM

ഉറപ്പാക്കാൻ സ്ഥിരം സംവിധാനം ഏർപ്പെടുത്തുമെന്നും മന്ത്രി വ്യക്തമാക്കി.

********************

## കോഴിക്കോട് ഷിഗെല്ല (ഇൻട്രോ)

സംസ്ഥാനത്ത് ഷിഗെല്ല രോഗത്തിനെതിരെ പ്രതിരോധം ശക്തമാക്കി ആരോഗ്യവകുപ്പ്. വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ സാമ്പിളും വെള്ളവും പരിശോധിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. വയനാട് ബത്തേരിയിൽ രണ്ട് കുട്ടികൾക്ക് ഷിഗെല്ല സ്ഥിരീകരിച്ചു. കോളിയാടി മാർ ബസേലിയോസ് സ്കൂളിലെ വിദ്യാർഥികളാണ് ഇവർ. കോഴിക്കോട് ജില്ലയിൽ നാലു വയസ്സുകാരി ഷിഗെല്ല ബാധിച്ച് മരിച്ച സംഭവത്തിൽ പ്രദേശത്ത് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി. **ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു തയ്യാറാക്കിയ റിപ്പോർട്ട്.....**

(വോയിസ്)

********************

## ഷിഗില്ല - പിണറായി വിജയൻ

ഷിഗില്ല രോഗവ്യാപനം തടയുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണമെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ. ആരോഗ്യവകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയോജിത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിക്കണമെന്നും അദ്ദേഹം പറഞ്ഞു. കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താനും ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനും സർക്കാർ അടിയന്തരമായി ഇടപെടണമെന്നും ശ്രീ പിണറായി വിജയൻ ആവശ്യപ്പെട്ടു.

********************

## നടിയെ ആക്രമിച്ച കേസ്

കൊച്ചിയിൽ നടിയെ ആക്രമിച്ച കേസിൽ മെമ്മറി കാർഡിലെ ദൃശ്യങ്ങൾ ചോർന്നതിൽ പുനർഅന്വേഷണം ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി പരിഗണിക്കുന്നതിൽ നിന്ന് ജഡ്ജി പിൻമാറി. മെമ്മറി കാർഡിലെ ദൃശ്യങ്ങൾ ചോർന്ന സംഭവത്തിൽ സമഗ്രവും സ്വതന്ത്രവുമായ അന്വേഷണം വേണമെന്നാണ് ഹർജിയിലെ ആവശ്യം. കേസിന്റെ തുടർനടപടികൾ മറ്റൊരു ബെഞ്ചിന്റെ പരിഗണനയ്ക്ക് വരും. മെമ്മറി കാർഡ് നിയമവിരുദ്ധമായി ചിലർ പരിശോധിച്ചിട്ടുണ്ടെന്ന് നേരത്തേ

RNU TVPM

സിംഗിൾ ബെഞ്ച് കണ്ടെത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അന്വേഷണത്തിന് നിർദേശം നൽകുകയും ചെയ്തിരുന്നു.

********************

## ഗവർണർ

നിർധനരായ വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങൾ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ,
വി. മുരളീധരൻ എംഎൽഎയ്ക്ക് കൈമാറി. ഷാളുകളും പൂച്ചെണ്ടുകളും ഉപഹാരമായി നൽകുന്നതിനുപകരം പുസ്തകങ്ങളും പേനകളും നൽകണമെന്ന
ശ്രീ വി.മുരളീധരന്റെ അഭ്യർത്ഥനപ്രകാരമാണ് പഠനോപകരണങ്ങൾ കൈമാറിയത്.

********************

## പ്ലസ് വൺ ട്രയൽ അലോട്ട്മെന്റ്

സംസ്ഥാനത്ത് ഹയർസെക്കണ്ടറി പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. admission.vhseportal.kerala.gov.in എന്ന വെബ്സൈറ്റിൽ 388 സ്കൂളുകളിലേക്കുള്ള അലോട്ട്മെന്റ് ലഭ്യമാണ്. ആവശ്യമായ തിരുത്തലുകൾക്ക്
ഈ മാസം പത്ത് വരെ അവസരമുണ്ട്.

RNU TVPM

********************

## മഴ -കേരളം

സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും മറ്റ് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയുമാണ്. കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ നാളെ ചുവപ്പു ജാഗ്രതയും മലപ്പുറം വയനാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയുമാണ്. കേരള - കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

********************

## വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി

ചുവപ്പ് ജാഗ്രതയുടെ പശ്ചാത്തലത്തിൽ കാസർകോട്, കോഴിക്കോട് ജില്ലകളിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാകളക്ടർമാർ നാളെ അവധി പ്രഖ്യാപിച്ചു. റസിഡൻഷ്യൽ സ്കൂളുകൾക്ക് അവധി ബാധകമല്ല. മുൻകൂട്ടി

നിശ്ചയിച്ച സർവ്വകലാശാല പൊതു പരീക്ഷകൾക്കും അഭിമുഖങ്ങൾക്കും മാറ്റമില്ല.

********************

## ട്രോളിംഗ് നിരോധനം

സംസ്ഥാനത്ത് 52 ദിവസത്തെ ട്രോളിംഗ് നിരോധനം നാളെ അർദ്ധരാത്രി മുതൽ നിലവിൽ വരും. ജൂലൈ 31 അർദ്ധരാത്രി വരെയാണ് നിരോധനം. **വിശദാംശങ്ങളിലേക്ക്.....**

(വോയിസ്)

*മൺസൂൺ കാലയളവാണ് മത്സ്യങ്ങളുടെ പ്രധാന പ്രജനനകാലം. മത്സ്യസമ്പത്ത് സംരക്ഷിക്കുകയും ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും ചെയ്യുന്നതിനായാണ് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നത്. തെക്കുപടിഞ്ഞാറൻ മൺസൂൺ ഈ പ്രക്രിയയ്ക്ക് ഏറ്റവും അനുയോജ്യമായ സമയമായതിനാൽ ട്രോളിംഗ് വഴി മത്സ്യമുട്ടകളും മത്സ്യക്കുഞ്ഞുങ്ങളും നശിക്കുന്നത് ഒഴിവാക്കേണ്ടത് അനിവാര്യമാണെന്ന് ഫിഷറീസ് വകുപ്പ് അറിയിച്ചു. തീരദേശത്തെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി വിപുലമായ സജ്ജീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകളും സജ്ജമാക്കിയിട്ടുണ്ട്. ഈ കാലയളവിൽ കടൽ പട്രോളിംഗിനും രക്ഷാപ്രവർത്തനങ്ങൾക്കുമായി ഒൻപത് തീരദേശ ജില്ലകളിലായി 20 സ്വകാര്യ ബോട്ടുകൾ വാടകയ്ക്ക് എടുത്തിട്ടുണ്ട്. ട്രോളിംഗ് നിരോധന കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകുന്നതിന് സിവിൽ സപ്ലൈസ് വകുപ്പുമായി സഹകരിച്ച് നടപടി സ്വീകരിക്കുമെന്ന് ഫിഷറീസ് വകുപ്പ് അറിയിച്ചിട്ടുണ്ട്.*

*ന്യൂസ് ഡെസ്ക്, ആകാശവാണി.*

********************

## തെരുവ് നായ ആക്രമണം

ഇടുക്കി പീരുമേട് പാമ്പനാറ്റിൽ തെരുവ് നായയുടെ ആക്രമണത്തിൽ 12 പേർക്ക് പരിക്ക്. പരിക്കേറ്റവരെ പീരമേട് താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തെരുവ് നായയെ കല്ലാറിൽ വച്ച് പിടികൂടി.

RNU TVPM

********************

## കാട്ടാന ആക്രമണം (ഇൻട്രോ)

ഇടുക്കി ചിന്നക്കനാലിൽ കാട്ടാന ആക്രമണത്തിൽ യുവതി കൊല്ലപ്പെട്ട സംഭവത്തിൽ ജനകീയ പ്രതിഷേധം. കാട്ടാന ശല്യത്തിന് ശാശ്വത പരിഹാരം കാണാതെ മൃതദേഹം ഏറ്റെടുക്കില്ലെന്ന് നാട്ടുകാർ അറിയിച്ചു. കാട്ടാന ആക്രമണങ്ങൾ ഏറെയുള്ള ഇടമാണ് ചിന്നക്കനാൽ. വനംവകുപ്പിൻറെ ഭാഗത്തുനിന്ന് കൃത്യമായ ഇടപെടൽ ഉണ്ടായില്ലെങ്കിൽ പ്രതിഷേധവുമായി മുന്നോട്ട് പോകുമെന്ന് പ്രദേശവാസികൾ അറിയിച്ചു.
**ഇടുക്കിയിൽ നിന്നും ആകാശവാണി ജില്ലാ പ്രതിനിധി**
**രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.**

**(ഹോൾഡ് വോയ്സ്..........)**

********************

## രാജീവ് ചന്ദ്രശേഖർ

സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങൾ ദിനംപ്രതി രൂക്ഷമാകുമ്പോഴും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിൽ മാറിമാറി ഭരിച്ച സർക്കാരുകൾ പരാജയപ്പെട്ടതായി ബിജെപി എംഎൽഎ രാജീവ് ചന്ദ്രശേഖർ. കഴിഞ്ഞ രണ്ടാഴ്ച്ചയ്ക്കിടെ മാത്രം സംസ്ഥാനത്ത് അഞ്ച് ജീവനുകളാണ് വന്യജീവി ആക്രമണങ്ങളിൽ നഷ്ടമായതെന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

********************

## ആകാശവാണി 90-ാം വാർഷികം

പ്രക്ഷേപണ രംഗത്ത് 90-ാം വാർഷികം
ആഘോഷിച്ച് ആകാശവാണി. 1936 ജൂൺ എട്ടിനാണ് ഇന്ത്യൻ സ്റ്റേറ്റ് ബ്രോഡ്കാസ്റ്റിങ് സർവീസ് - ഓൾ ഇന്ത്യ റേഡിയോ എന്ന് പുനർനാമകരണം ചെയ്തത്. 1956ൽ ആകാശവാണി എന്ന പേര് സ്വീകരിച്ചു. തൊണ്ണൂറാം വാർഷികത്തോടനുബന്ധിച്ച് ആകാശവാണി ദേവികുളം സ്പൈസ് എഫ് എമ്മിൻറെ ആഭിമുഖ്യത്തിൽ മൂന്നാർ ഗവ കോളേജിൽ സാംസ്കാരിക പരിപാടി സംഘടിപ്പിച്ചു.

********************
****************
******